# Malayala Manorama

# 17 August 2018

# Kuthiran :Landslide,Death



## കുതിരാനിൽ മണ്ണിടിച്ചിൽ; കാറിൽ കുടുങ്ങിയ ഡ്രൈവർ മരിച്ചു

### ദേശീയ പാതയിൽ 15 അടി ഉയരത്തിൽ മണ്ണു കൂടിക്കിടക്കുന്നു

**മനോരമ ലേഖകൻ**

കുതിരാൻ ● കുതിരാൻ ക്ഷേത്രത്തിനടുത്തു മണ്ണിടിഞ്ഞ് ദേശീയപാത സ്തംഭിച്ചു. മണ്ണിനടിയിൽപ്പെട്ട കാറിൽ മണിക്കൂറുകളോളം കുടുങ്ങിക്കിടന്നിരുന്ന ഡ്രൈവർ മരിച്ചു. തിരുവനന്തപുരം വെമ്പായം എടപ്പനക്കോട് ആക്കുള്ള വീട്ടിൽ അജിത് കുമാറാണ് (45) മരിച്ചത്.

ബുധനാഴ്ച രാത്രിയിലാരംഭിച്ച മണ്ണിടിച്ചിൽ ഇന്നലെ പുലർച്ചയോടെ ശക്തിപ്പെടുകയായിരുന്നു. അഗ്നി സുരക്ഷാ സേനയുടെ വാഹനത്തിന്റെയും മറ്റു നാലു വാഹനങ്ങളുടെയും മീതെ മണ്ണിടിഞ്ഞു വീണു. 2007 ൽ മണ്ണിടിച്ചിലുണ്ടായ അതേ ഭാഗത്തു നിന്നും ഇരുപതടിയോളം താഴ്ചയിലാണ് മണ്ണു വീണത്.

വാഹനങ്ങൾ സഹിതം പതിനഞ്ചടി ഉയരത്തിൽ മണ്ണിന്റെ കൂമ്പാരമാണ് ദേശീയ പാതയ്ക്കു മധ്യത്തിൽ രൂപപ്പെട്ടത്.

മണ്ണിടിച്ചിലുണ്ടായതോടെ പാലക്കാട് - തൃശൂർ ഗതാഗതം നിലച്ചു. സ്വകാര്യ ബസുകളും സർക്കാർ ബസുകളും സർവീസ് നടത്തിയില്ല. ചരക്കു വാഹനങ്ങളൊഴികെയുള്ള വാഹനങ്ങൾ മിക്കതും മറ്റു വഴികൾ തേടി.

അഗ്നി സുരക്ഷാ സേനയുടെ നേതൃത്വത്തിൽ മണ്ണു നീക്കുകയാണ്.

ബുധനാഴ്ച രാത്രി ചാലക്കുടിയിലേക്കു രക്ഷാപ്രവർത്തനത്തിനു പോകുന്നതിനിടെ ചിറ്റൂർ അഗ്നി സുരക്ഷാ സേനയുടെ വാഹനമാണ് കുതിരാനിലെ മണ്ണിടിച്ചിലിൽ കുടുങ്ങിയത്. സേനാംഗങ്ങളെല്ലാം ഓടി മാറിയതിനാൽ വൻ ദുരന്തം ഒഴിവായി. മണ്ണു പൂർണമായും നീക്കിയാൽ മാത്രമേ വാഹനങ്ങളിൽ കൂടുതൽ പേർ കുടുങ്ങിയിട്ടുണ്ടോ എന്നു വ്യക്തമാകൂ.